## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5326 — 25/10/2011 -ൽ മറുപടിക്ക്

### അപ്പർ പ്രൈമറി / ഹൈസ്കൂൾ കുട്ടികളുടെ കൊഴിഞ്ഞു പോക്ക്

| ചോദ്യം<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | അപ്പർ പ്രൈമറി / ഹൈസ്കൂൾ വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നത് എവിടെയാണെന്നതിന്റെ ജില്ലാതല വിശദാംശം ലഭ്യമാക്കുമോ ; | (എ) | 2009-10 വർഷത്തിലെ കണക്ക് അനുസരിച്ച് മലപ്പുറം ജില്ലയിലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോയിട്ടുള്ളത്. |
| (ബി) | കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വയനാട് ജില്ലയിലെ അപ്പർ പ്രൈമറി / ഹൈസ്കൂൾ വിഭാഗങ്ങളിൽ ഉണ്ടായ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ താലൂക്ക് തല വിശദാംശം ലഭ്യമാക്കുമോ ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നത് നിയന്ത്രിക്കുന്നതിനായി ഒന്നു മുതൽ എട്ടാം ക്ലാസ്സുവരെയുള്ള എല്ലാവിഭാഗം വിദ്യാർത്ഥികൾക്കും പാഠപുസ്തകം സൗജന്യമായി നൽകുക, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശം എന്ന പദ്ധതിയിൽ കുട്ടികൾക്കായി സഹവാസ ക്യാമ്പുകൾ, പഠനയാത്രകൾ, കൗൺസലിംഗ് ക്ലാസ്സുകൾ, കുട്ടികളുടെ ഭവന സന്ദർശനം എന്നിവ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ